**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഇരട്ട ജീവപര്യന്തം ശിക്ഷിക്കപ്പെട്ട പ്രതികളുടെ പരോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇരട്ട ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട് ജയിലിലായ കൊലക്കേസ് പ്രതികൾക്ക് നിലവിലെ ജയിൽ ചട്ടങ്ങൾ പ്രകാരം എത്ര തവണ, എത്ര ദിവസം വീതമുള്ള പരോൾ ആണ് അനുവദനീയമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഇരട്ട ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട് ജയിലിലായ കൊലക്കേസ് പ്രതികൾക്ക് മറ്റ് പ്രതികൾക്കെന്നപോലെ , 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടം 397 പ്രകാരം പോലീസ് , പ്രൊബേഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വർഷത്തിൽ 60 ദിവസത്തെ സാധാരണ അവധിയ്ക്ക് അർഹതയുണ്ട്. ഇവ 15 ദിവസത്തിൽ കുറയാത്ത കണക്കിൽ വർഷത്തിൽ നാല് തവണയായോ, 30 ദിവസത്തിൽ അധികരിക്കാത്ത വിധം വർഷത്തിൽ രണ്ട് തവണയായോ അനുവദിക്കാം . തുറന്ന ജയിലിലെ തടവുകാർക്ക് ചട്ടം 414 പ്രകാരം വർഷത്തിൽ ഒരു തവണ 15 ദിവസത്തെ ഗാർഹികാവധിക്ക് അർഹതയുണ്ട്. ഇവ കൂടാതെ ചട്ടം 400 പ്രകാരം തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം , മരണാസന്നമായ രോഗാവസ്ഥ, വിവാഹം, പ്രകൃതിക്ഷോഭത്താൽ തകർന്ന തടവുകാരന്റെ വീട് പുനർനിർമ്മാണം എന്നിവയ്ക്ക് അനുകൂല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജയിൽ സൂപ്രണ്ടിന് പരമാവധി 10 ദിവസം വരെ അടിയന്തിര അവധി അനുവദിക്കാം ജയിൽ സൂപ്രണ്ട് അനുവദിച്ചതുൾപ്പടെ അടിയന്തിര അവധി പരമാവധി 15 ദിവസം വരെ ദീർഘിപ്പിക്കാൻ ജയിൽ വകുപ്പ് മേധാവിക്ക് സാധിക്കും. ഒരു തവണ 15 ദിവസത്തിൽ അധികരിക്കാത്തവിധം , വകുപ്പ് അനുവദിച്ചതുൾപ്പടെ പരമാവധി 45 ദിവസം വരെ സർക്കാരിനും അടിയന്തിര അവധി അനുവദിക്കാം. |
| (ബി) | പരോളിൽ പുറത്തിറങ്ങിയ പ്രതികൾ സ്വർണക്കടത്തു കേസുൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | ടി.പി.ചന്ദ്രശേഖരൻ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ ജയിലിൽ നിന്നും സ്മാർട് ഫോണുകൾ വഴി സ്വർണക്കടത്ത് സംഘങ്ങളുമായി വീഡിയോ കോൾ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ ഇത്തരക്കാർക്ക് പരോൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ